## FOURTEENTH KERALA LEGISLATIVE ASSEMBLY

Twenty Second Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, January 18, 2021*

**No. 228**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Correction of answer to unstarred question :*

Corrected answer and Statement correcting the answer to Unstarred Question No. 4962 dated 14-11-2019 of the Sixteenth Session of the Fourteenth Kerala Legislative Assembly was laid on the Table by Shri E. Chandrasekharan, Minister for Revenue and Housing.

*Message from the Governor :*

The Speaker reported to the Assembly the Governor's reply to the Motion of Thanks which was adopted by the House on 14th January 2021.

(The Speaker informed that the notice of adjournment motion given by Shri N. A. Nellikkunnu and three other members would be admitted as Submission.)

Calling Attention:

(1) Shri S. Sarma called the attention of the Chief Minister to the necessity to apprise the Central Government of the apprehension created due to the decision to privatise the BPCL companies including Cochin Oil Refinery and other Central Public Sector companies in the State. The Chief Minister made a statement thereto.

KNPP. 171/2021(ii).

(2) Shri T. A. Ahammed Kabeer called the attention of the Minister for Higher Education, Welfare of Minorities, Wakf and Hajj pilgrimage to the necessity to unify and increase the reservation of OBC/SEBC students for all courses in the State. The Minister made a statement thereto.

*Matters raised by Members under Rule 304 :*

The Matters raised in the house by members under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പിനിടെ ഒരു പ്രിസൈഡിങ് ഓഫീസറെ ഉദുമ എം.എൽ.എ. ഭീഷണിപ്പെടുത്തിയെന്ന ആരോപണം | മുഖ്യമന്ത്രി |
| 2 | ശ്രീ. റോഷി അഗസ്റ്റിൻ | 1964 ഭൂപതിവ്, 1993 പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കോവൂർ കുഞ്ഞുമോൻ | മൺറോ തുരുത്തിൽ വേലിയേറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ഡി. സതീശൻ | കുഡുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയ്ക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. സ്വരാജ് | ഇടക്കൊച്ചി, ഉദയംപേരൂർ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. മുരളി പെരുനെല്ലി | പാവറട്ടി സെന്ററിലെ റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. ബി. സത്യൻ | വക്കം - കായിക്കരക്കടവിൽ പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | കോട്ടക്കൽ പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. ടി. വി. ഇബ്രാഹിം | സ്കോൾ കേരളയുടെ മലപ്പുറം മേഖലാ കേന്ദ്രം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. രാജു എബ്രഹാം | കാട്ടുപന്നികളുടെ ശല്യം തടയാൻ നടപടി | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് (ധനകാര്യവകുപ്പ് മന്ത്രിയുടെ സ്റ്റേറ്റ്മെന്റ് സഹിതം) |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2019-20 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (വാല്യം 1 & 2) |

*Presentation of Reports :*

(1) Shri C. Divakaran, Chairman, Committee on Public Undertakings presented the One Hundred and Tenth to One Hundred and Thirtieth Reports of the Committee.

(2) Smt. P. Aisha Potty, Chairperson, Committee on Welfare of Women, Transgenders, Children and Differently Abled presented the Seventeenth to Nineteenth Reports of the Committee.

(3) Shri James Mathew as authorised by Smt. E. S. Bijimol, Chairperson, Committee on Official Language presented the Fifth Report of the Committee.

*Financial Business :*

The general discussion on the Budget for the Financial Year 2021-22 commenced. The following Members took part in the discussion:

Shri V. Sasi (Deputy Speaker)

Shri V. D. Satheesan

Shri K. Suresh Kurup

Shri T. A. Ahammed Kabeer

Shri C. Divakaran

Shri P. J. Joseph

Shri Murali Perunelly

Shri P. C. George

Shri K. U. Jenish Kumar

Shri Anwar Sadath

Shri C. K. Nanu

Shri V. K. C. Mammed Koya

Shri C. Krishnan

Shri E. T. Taison Master

Shri P. K. Basheer

Shri V. P. Sajeendran

Shri Saji Cherian

The discussion was inconclusive.

*Legislative Business:*

DR. K. T. Jaleel, Minister for Higher Education, Minority Welfare, Hajj and Wakf introduced "The Sree Narayanaguru Open University Bill, 2021" and laid the statements under rule 75 (1). Then the Minister moved that the Bill be referred to Subject Committee VI. Shri T. A. Ahammed Kabeer moved the ordinance disapproval motion and spoke. Shri K. S. Sabarinadhan as authorised by Shri Sunny Joseph seconded the motion. Shri A. N. Shamseer as authorised by Shri M. Mukesh moved an amendment to circulate the Bill for eliciting public opinion and Shri M. Ummer moved another amendment for referring the Bill to a Select Committee and spoke. Shri V. D. Satheesan seconded the motion to circulate the Bill for eliciting public opinion and Shri R. Rajesh seconded the motion to refer the Bill to a Select Committee and spoke.

After the reply by the Minister for Higher Education, Minority Welfare, Hajj and Wakf the ordinance disapproval motion was declared lost. The amendment moved by Shri A. N. Shamseer was withdrawn by the leave of the House and the amendment moved by Shri M. Ummer was declared lost. The Bill was referred to Subject Committee VI-Education.

The House adjourned at 5.40 p.m. to meet again at 9.00 a.m. on Tuesday, January 19, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജനുവരി 18, തിങ്കൾ

**നമ്പർ 228**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:**

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4962-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിയ സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മേശപ്പുറത്തുവച്ചു.

**ഗവർണ്ണറുടെ സന്ദേശം :**

2021 ജനുവരി 14-ന് സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് ഗവർണ്ണർ നൽകിയ മറുപടി സ്പീക്കർ സഭയിൽ വായിച്ചു.

(ശ്രീ. എൻ. എ. നെല്ലിക്കുന്നും മറ്റ് മൂന്ന് അംഗങ്ങളും നൽകിയിരുന്ന അടിയന്തര പ്രമേയ നോട്ടീസ് സബ്മിഷനായി അവതരിപ്പിക്കാവുന്നതാണെന്ന് സ്പീക്കർ അറിയിച്ചു)

**ശ്രദ്ധ ക്ഷണിക്കൽ**

1) കൊച്ചി എണ്ണ ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ബി.പി.സി.എൽ. കമ്പനികളും സംസ്ഥാനത്തെ മറ്റ് കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കുന്നതിനുള്ള തീരുമാനം സൃഷ്ടിച്ചിട്ടുള്ള ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എസ്. ശർമ്മ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 171/2021(i).

2) സംസ്ഥാനത്തെ ഒ.ബി.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവരണം എല്ലാ കോഴ്സുകളിലേക്കും ഏകീകരിച്ച് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. എ. അഹമ്മദ് കബീർ ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പിനിടെ ഒരു പ്രിസൈഡിങ് ഓഫീസറെ ഉദുമ എം.എൽ.എ. ഭീഷണിപ്പെടുത്തിയെന്ന ആരോപണം | മുഖ്യമന്ത്രി |
| 2 | ശ്രീ. റോഷി അഗസ്റ്റിൻ | 1964 ഭൂപതിവ്, 1993 പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കോവൂർ കുഞ്ഞുമോൻ | മൺറോ തുരുത്തിൽ വേലിയേറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ഡി. സതീശൻ | കുഡുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. സ്വരാജ് | ഇടക്കൊച്ചി, ഉദയംപേരൂർ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. മുരളി പെരുനെല്ലി | പാവറട്ടി സെന്ററിലെ റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. ബി. സത്യൻ | വക്കം - കായിക്കരക്കടവിൽ പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | കോട്ടക്കൽ പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. ടി. വി. ഇബ്രാഹിം | സ്കോൾ കേരളയുടെ മലപ്പുറം മേഖലാ കേന്ദ്രം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. രാജു എബ്രഹാം | കാട്ടുപന്നികളുടെ ശല്യം തടയാൻ നടപടി | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്ത് വച്ച കടലാസുകൾ :</u>

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് (ധനകാര്യവകുപ്പ് മന്ത്രിയുടെ സ്റ്റേറ്റ്മെന്റ് സഹിതം) |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2019-20 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (വാല്യം 1 & 2) |

<u>റിപ്പോർട്ട് സമർപ്പണം :</u>

(1) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. സി. ദിവാകരൻ കമ്മിറ്റിയുടെ നൂറ്റിപ്പത്ത് മുതൽ നൂറ്റിമുപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(2) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്ന ശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ശ്രീമതി പി. അയിഷാ പോറ്റി കമ്മിറ്റിയുടെ പതിനേഴ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(3) ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ശ്രീമതി ഇ. എസ്. ബിജിമോൾക്ക് വേണ്ടി കമ്മിറ്റി അംഗം ശ്രീ. ജെയിംസ് മാത്യു കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

ധനകാര്യം :

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. ശശി (ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. സി. ദിവാകരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. പി. സി. ജോർജ്

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. സി. കെ. നാണു

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. പി. കെ. ബഷീർ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സജി ചെറിയാൻ

ചർച്ച പൂർത്തിയായില്ല.

<u>നിയമനിർമ്മാണ കാര്യം:</u>

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ശ്രീ. ടി. എ. അഹമ്മദ് കബീർ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയത് പ്രകാരം ശ്രീ. കെ. എസ്. ശബരീനാഥൻ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. എൻ. ഷംസീറും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. ഉമ്മറും അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. വി. ഡി. സതീശൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും ശ്രീ. ആർ. രാജേഷ് ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ മറുപടിക്ക് ശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയച്ചു.

2021 ജനുവരി 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.40-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി*